**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5239** **30.06.2014 ൽ മറുപടി നല്ലേണ്ടിയിരുന്നത്.**

ഗതാഗത വകുപ്പിലെ ജോയിന്റ് കമ്മീഷണർ/അഡീഷണൽ കമ്മീഷണർ തസ്തികയിലെ സ്ഥാനക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഗതാഗത വകുപ്പിലെ ഐ.പി..എസ്. കേഡർ തസ്തികയിൽ നിലനിന്നിരുന്ന ജോയിന്റ് കമ്മീഷണർ/അഡീഷണൽ കമ്മീഷണർ തസ്തികയിലേക്ക് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകി നിയമിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എ) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിലനിന്നിരുന്ന ഐ.പി.എസ്. എക്സ്കേഡർ തസ്തികയായ ജോയിന്റ്/അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തിക ദീർഘകാലമായി ഓപ്പറേറ്റ് ചെയ്യാതിരുന്ന സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ എന്ന തസ്തിക അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ എന്ന തസ്തികയായി ഉയർത്തുന്നതിന് ഗതാഗത കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു.ടി ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വകുപ്പുതല ശുപാർശയില്ലാതെ തസ്തിക സൃഷ്ടിക്കുന്നതിനോ, ഉയർത്തുന്നതിനോ ശുപാർശ ചെയ്യുവാൻ ധനകാര്യ വകുപ്പ് മന്ത്രിക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഏത് ചട്ടപ്രകാരമാണെന്ന് രേഖാമൂലം വിശദമാക്കാമോ? | (ബി) | തസ്തിക സൃഷ്ടിക്കുന്നതിനും ഉയർത്തുന്നതിനുമുള്ള ഭരണ വകുപ്പിന്റെ ശുപാർശ ധനകാര്യ വകുപ്പ് പരിശോധിച്ച ശേഷമാണ് ധനകാര്യ വകുപ്പ് മന്ത്രി തീരുമാനമെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ